കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-235/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ :- 04772252753

ഇ-മെയിൽ:- ddhglfalpy@gmail.com

തീയതി, 25.05.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

.

.

സർ,

വിഷയം : അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-235/2019 തീയതി, 25.05.2019

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 17.11.2017 മുതൽ 26.02.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സാബു ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27.02.2019 മുതൽ 08.03.2019 വരെ | ശ്രീ. ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീമതി. ജാക്വലിൻ.പി.ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ലേഖ, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1. | പ്രസിഡന്റ് | പ്രജിത് കുമാർ | 01.04.2017 – 31.03.2018 |
| 2 | സെക്രട്ടറി | വി.ജെ.ജോസഫ് | 01.04.2017 – 31.03.2018 |
| 3 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ധനകാര്യം | രജിത.എ<br>വി.എസ് മായാദേവി | 01.04.2017 – 20.11.2017<br>15.12.2017 - 31.03.2018 |
| 4 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ക്ഷേമകാര്യം | അനിതാസതീഷ് | 01.04.2017 – 31.03.2018 |
| 5 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസം | ഗീതാബാബു | 01.04.2017 – 31.03.2018 |
| 6 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, | ബിബി.യു.വിദ്യ | 01.04.2017 – 31.03.2018 |

| | | | |
|---|---|---|---|
| | വികസനം | | |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഷേർലിജോസ് | 1.04.17 - 31.03.2018 |
| സി.ഡി.പി.ഒ | സുഭദ്രകുമാരി. സി. എസ് | 01.04.2017 – 31.03.2018 |
| എസ്.സി.ഡി.ഒ. | മുരളീധരൻ നായർ. എസ് | 01.04.2017 -31.03.2018 |
| എ എം ഒ | ഡോ.വിശ്വകല.വി എസ് | 01.04.2017– 31.03.2018 |
| ഡി ഇ ഒ | ഹരിത എച്ച് | 01.04.2017– 31.03.2018 |
| അസി.എഞ്ചിനീയർ | ജോസ് എച്ച് ജോൺസ് | 01.04.2017– 31.03.2018 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഷീജ.എം.എ | 01.04.2017– 7.11.2017 |
| | സീനജെറോം | 9.11.2017- 31.3.2018 |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-8 വരെ |
| | ഭാഗം2 | |
| 2 | ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 2-1 |
| 3 | സാംഖ്യ അക്കൌണ്ടിംഗ് ഫലപ്രദമായി നടപ്പാക്കുന്നില്ല | 2-2 |
| | ഭാഗം 3 | |
| 4 | ബ്ലോക്ക് പഞ്ചായത്തിലെ സാനിട്ടറി കോംപ്ലക്സ് നിർമ്മാണം - നിർവ്വഹണ ഏജൻസിക്ക് അധികം തുക അനുവദിച്ചു | 3-1 |
| 5 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം - പദ്ധതിയ്ക്കായി ആവശ്യത്തിലധികം തുക വിനിയോഗിച്ചു | 3-2 |
| 6 | മഡോണ റോഡിൽ ഇന്റർലോക്ക് ടൈൽ പാകൽ - എഡ്ജ് ബ്ലോക്കിനായി അധികച്ചെലവ് | 3-3 |
| 7 | ഫാൾസ് സീലിംഗ് നടത്തിയ അളവിലെ അപാകതമൂലം അധികച്ചെലവ് | 3-4 |
| 8 | ഫൗണ്ടേഷനുവേണ്ടിയുള്ള കുഴിക്കലിലൂടെ ലഭിച്ച മണ്ണ് പൂർണ്ണമായി ഫില്ലിംഗിന് ഉപയോഗിക്കാതിരിക്കുകവഴി അധികച്ചെലവ് | 3-5 |
| 9 | പി.എ.സി.യിൽ നിജപ്പെടുത്താതെ കരാറുകാരന് അധികം തുക പിൻവലിച്ചു നൽകി | 3-6 |
| 10 | അമ്പലപ്പുഴ ഗവ. മോഡൽ സ്കൂളിൽ വിദ്യാർത്ഥികൾക്കായി സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് - ടെൻഡർ അംഗീകരിച്ച നടപടി നിയമാനുസൃതമല്ല | 3-7 |
| 11 | മതിയായ ആസൂത്രണം ഇല്ലാതെ വനിതാ ഗ്രൂപ്പ്, ബ്രിക്സ്, ടൈൽ നിർമ്മാണ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ - 1264067/- രൂപയുടെ ഉപകരണങ്ങൾ കൈമാറാതെ സ്ഥാപനത്തിൽത്തന്നെ സൂക്ഷിക്കുന്നു. | 3-8 |
| 12 | ഐ എ വൈ അക്കൌണ്ടിൽ കോടികളുടെ നീക്കിയിരുപ്പ് | 3-9 |
| 13 | ചെലവ് രേഖകളിൽ തിരുത്തൽ വരുത്തി അധികം തുക പിൻവലിച്ചു | 3-10 |
| | | |

| | | |
|---|---|---|
| 14 | കശുമാവിൻ തൈകൾ വിതരണം പദ്ധതി – തൈകൾ പൂർണ്ണമായും ലഭ്യമായില്ല | 3-11 |
| 15 | ക്രമപ്രകാരമല്ലാതെ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 16 | EMS ഭവനവായ്പാപദ്ധതി - ലോൺ തുക ഒടുക്കുന്നതിൽ കാലതാമസം | 3-13 |
| 17 | പി എം എ വൈ ഭവനനിർമ്മാണ പദ്ധതിയ്ക്കായി മുൻകൂർ തുക പിൻവലിച്ചെങ്കിലും ചെലവഴിച്ചില്ല | 3-14 |
| 18 | ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല – തുടർനടപടികൾ സ്വീകരിക്കണം | 3-15 |
| 19 | 2017-18 സാമ്പത്തികവർഷത്തെ അച്ചടി ജോലികൾ - ക്വട്ടേഷൻ ക്ഷണിച്ചില്ല. | 3-16 |
| 20 | കേരളോൽസവം - നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി | 3-17 |
| 21 | ലോഗ്ബുക്ക് ക്രമപ്രകാരം സൂക്ഷിക്കുന്നില്ല | 3-18 |
| 22 | വാഹനത്തിന്റെ അനുബന്ധ സാമഗ്രികൾ വാങ്ങിയതിന് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 3-19 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-20 |
| | ഭാഗം 4 | |
| 24 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 25 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 306382000 | 306382000 |
| വാർഷിക കണക്കു പ്രകാരം | 70300476 | 68885374 |

2017-18 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 236081524/- രൂപയുടെയും ചെലവിൽ 237496626/- രൂപയുടെയും വ്യത്യാസം ഉണ്ട്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-2 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</u>

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

1-3 <u>സാമ്പത്തിക വിശകലനം</u> (റെസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 22092452 |
| വരവ് | 70300476 |
| ആകെ | 92392928 |
| ചെലവ് | 68885374 |
| നീക്കിയിരുപ്പ് | 23507554 |

1-4 <u>ഫണ്ട് വിനിയോഗം</u>

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 38199065 | 38199065 | 36915419 | 1283646 |
| വികസനഫണ്ട് എസ്.സി.പി. | | 4894294 | 4894294 | 4816419 | 77875 |
| വികസനഫണ്ട് ടി.എസ്.പി. | | 235000 | 235000 | 235000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 4962343 | 4962343 | 4939208 | 23135 |
| ട്രഷറി ഓൺഫണ്ട് | 2758262 | 5454983 | 8213245 | 7734998 | 478247 |
| ട്രഷറി ടി എസ് ബി | 2757144 | 2437141 | 5194285 | 4871958 | 322327 |
| എസ് ബി റ്റി ഓൺഫണ്ട് | 395340 | 36775 | 432115 | - | 432115 |
| ഐ ഒ ബി C.S (A/c 2222) | 2337259 | 0 | | 2337259 | 0 |
| ഹരിയാലി 2 | 482502 | 19319 | 501821 | 36141 | 537962 |
| എസ് ബി റ്റി ട്ടോട്ടൽ സാനിറ്റേഷൻ | 2267667 | 0 | 2267667 | 48437 | 2219230 |
| സൈൻ (Ac. 4930) (iob സുസ്ഥിര വികസനം) | 5143 | 90436 | 95579 | 91394 | 4185 |
| ഐഎവൈ (അഡ്മിൻ) | 689764 | 21275 | 711039 | 702157 | 8882 |
| ഐഒബി, ഐഎവൈ (പുന്നപ്ര) | 21871225.57 | 645549 | 22516774.57 | 3794482.57 | 18722292 |
| കോ-ഓപ്പറേറ്റീവ് ബാങ്ക് EMS ഗ്രാന്റ് | 388031 | 453495 | 841526 | 59212 | 782314 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 80 | 69998241 | 66 | 46906046 | - | 14 | 83% |

**1-6 ആഭ്യന്തരനിയന്ത്രണം**

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ ജനറൽ മിനിട്സ് 25-7-17 ന് ശേഷം സകർമ്മ സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കുന്നത് എന്നാൽ ഇപ്രകാരം തയ്യാറാക്കുന്ന മിനിട്സിന്റെ പകർപ്പെടുത്ത് പ്രസിഡന്റിന്റെ സാക്ഷ്യപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നില്ല. 16.02.18 ന് ശേഷമുള്ള മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. ഓഡിറ്റ് കാലയളവിൽ വരവുകൾക്ക് സാംഖ്യാടിസ്ഥാനത്തിലുള്ള രസീതുകൾ ഉപയോഗിച്ചിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല
4. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല
5. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് നിയമാനുസൃതം പരിപാലിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.
6. തനത്ഫണ്ട് ചെലവുകളുടെതായുള്ള വൗച്ചറുകൾക്കൊപ്പം അനുബന്ധ ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.
7. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ മോണിറ്റിംഗ് നടന്നതായി രേഖയില്ല.

**1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2018 | 2017-18 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.10.16 മുതൽ 7.10.2016 വരെ | 2013-14 മുതൽ 2015-16വരെ | 23.11.2016 |

**1-8 വാർഷിക കണക്കിലെ അപാകതകൾ**

വിശദാംശങ്ങൾ ഭാഗം 4 ഖണ്ഡിക 4-1 ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

# ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

ബ്ലോക്ക്പഞ്ചായത്തിൽ അക്കൗണ്ടുകൾക്ക് ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വേളയിൽ ഐഎബി pmay അക്കൌണ്ടിന്റെ ക്യാഷ്ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. വരവുകളുടെയും ചെലവുകളുടെയും കൃത്യമായ കണക്കുകൾ ലഭിക്കുവാൻ ക്യാഷ് ബുക്ക് എഴുതേണ്ടതാണ്. അതിനാൽ സ്ഥാപനത്തിലെ എല്ലാ അക്കൌണ്ടുകളുടെയും ക്യാഷ് ബുക്ക് എഴുതി അവയുടെ മുന്നിരിപ്പും, നീക്കിയിരിപ്പും ബാങ്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സാംഖ്യ അക്കൌണ്ടിംഗ് ഫലപ്രദമായി നടപ്പാക്കുന്നില്ല

2017-18 വർഷം ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടിംഗ് സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നില്ല, ഓഡിറ്റ് കാലയളവിലാണ് സാംഖ്യ സമ്പ്രദായം ആരംഭിച്ചത്. മാന്വൽ രസീതുകളാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. തനത്ഫണ്ട് ചെലവുകൾക്കായി കണ്ടിജന്റ് ബിൽ ഫോം ഉപയോഗിക്കാതെ പേയ്മെന്റ് വൌച്ചറുകൾ എടുത്ത് സൂക്ഷിക്കേണ്ടതാണ്. ചെലവുകളുടെ സബ് വൗച്ചറുകളിലും, ബാങ്ക് സ്റ്റേറ്റ്മെന്റുകളിലും സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. സാംഖ്യ വഴി ജനറേറ്റ് ചെയ്യുന്ന പേമെന്റ് വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബ്ലോക്ക് പഞ്ചായത്തിലെ സാനിട്ടറി കോംപ്ലക്സ് നിർമ്മാണം - നിർവ്വഹണ ഏജൻസിക്ക് അധികം തുക അനുവദിച്ചു

പ്രോജക്റ്റ് നം: 18/18

എസ്റ്റിമേറ്റ് : 10,00,000/-

കരാറുകാരൻ : Modern Distropolis Ltd.

എഗ്രിമെന്റ് നം./തീയതി : 11/05.12.17

പി.എ.സി : 823638/-

അളവുപുസ്തകം : 18/17-18

ബിൽ നം./തീയതി : 1/08.03.18

01.03.18 ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് 761402/- രൂപ മൂല്യനിർണ്ണയം നടത്തി ആദായനികുതി ഇനത്തിൽ 7614/-രൂപയും (1%), KCWWF ഇനത്തിൽ 7614/- രൂപയും (1%) കുറവു ചെയ്ത് ശേഷിച്ച 746174/-രൂപ കരാർ ഏജൻസിക്ക് നൽകിയിട്ടുണ്ട്. വർക്കിന്റെ നിർവ്വഹണ സംബന്ധമായി ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മോഡുലാർ ടോയ്ലറ്റിന്റെ എസ്റ്റിമേറ്റിൽ (MR 100) 25-35 ഫ്ലഷ് കപ്പാസിറ്റിയുള്ള പി.വി.സി സെപ്റ്റിക് ടാങ്കിന്റെ വിലയും ഉൾപ്പെടുന്നതാണെന്നിരിക്കെ വർക്കിന്റെ 14-ാം ഇനമായി ഇതേ സ്പെസിഫിക്കേഷനോടുകൂടിയ സെപ്റ്റിക് ടാങ്കിന്റെ വിലയായി 23230/- രൂപ കൂടി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത് എവിടെ സ്ഥാപിച്ചതെന്നോ, കരാറുകാരന് ഇപ്രകാരം അധികം തുക അനുവദിച്ചതിനുള്ള കാരണമോ രേഖാമൂലം ആവശ്യപ്പെട്ടിട്ടും വിശദീകരിക്കപ്പെട്ടിട്ടില്ല.
2. മോഡുലാർ ടോയ്ലറ്റിന്റെ എസ്റ്റിമേറ്റിൽ ഫ്ലഷ് ടാങ്കോടു കൂടിയ വെസ്റ്റേൺ സിറാമിക് പാനിന്റെ വില ഉൾപ്പെട്ടിട്ടുള്ളതും ഇതുൾപ്പെടെ ടോയ്ലറ്റ് ഒന്നിന് കരാറുകാരൻ 1,97,000/- രൂപ നിരക്ക്

രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ 02.02.18 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം [1(3) തീരുമാനം] എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന രണ്ട് യൂറോപ്യൻ ക്ലോസറ്റിനു പകരം ഇൻഡ്യൻ ക്ലോസറ്റ് ഘടിപ്പിക്കുവാൻ തീരുമാനിക്കുകയും ആയതു പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് അടുത്തടുത്തായി സ്ഥാപിച്ച '3' മോഡുലാർ ടോയ്‌ലറ്റുകളിൽ രണ്ടെണ്ണത്തിൽ ഇൻഡ്യൻ ക്ലോസറ്റും ഒന്നിൽ യൂറോപ്യൻ ക്ലോസറ്റുമാണ് സ്ഥാപിച്ചിട്ടുള്ളത്. ഒരു യൂറോപ്യൻ ക്ലോസറ്റിനു 5295.57/-രൂപയും, ഒരു ഇൻഡ്യൻ ടൈപ്പ് ക്ലോസറ്റിനു 2615.47/-രൂപയുമാണ് ക്വാട്ട് ചെയ്ത നിരക്കെന്നിരിക്കെ വിലവ്യത്യാസം കുറക്കാതെയാണ് നിർവ്വഹണ ഏജൻസിക്ക് തുക നൽകിയിട്ടുള്ളത്. ഇതുവഴി 5360/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട് (5295.57 – 2615.47x2 =5360).

3. മോഡുലാർ ടോയ്‌ലറ്റിന്റെ എസ്റ്റിമേറ്റിൽ 25-35 ഫ്ലഷ് കപ്പാസിറ്റിയുള്ള സെപ്റ്റിക് ടാങ്കിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് മാർക്കറ്റ് നിരക്കിൽ ഒരു ടോയ്‌ലറ്റിന്റെ നിരക്ക് നിശ്ചയിച്ചിരുന്നത് (MR 100). നിർവ്വഹണ ഏജൻസി ലഭ്യമാക്കിയ ടെൻഡറിൽ ഒരു ടോയ്‌ലറ്റ് യൂണിറ്റിന്റെ നിരക്കായി 1,97,000/- രൂപയായിരുന്നു രേഖപ്പെടുത്തിയിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് അടുത്തടുത്തായി നിർമ്മിച്ച 3 ടോയ്‌ലറ്റുകൾക്ക് ഒരു സെപ്റ്റിക് ടാങ്ക് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്നതിനാൽ ഈയിനത്തിൽ രണ്ടു സെപ്റ്റിക് ടാങ്കിന്റെ നിരക്ക് (2x23230 = 46460) കുറച്ച് ഒന്നിന്റെ നിരക്കു മാത്രമാണ് നിർവ്വഹണ സ്ഥാപനത്തിനു നൽകേണ്ടിയിരുന്നത്. ഈയിനത്തിൽ 46460/- രൂപ പ്രസ്തുത സ്ഥാപനത്തിന് അധികം അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ നിന്നും 2% ആദായനികുതി ഫൈനൽ ബില്ലിൽ കുറവു വരുത്തേണ്ടതാണെങ്കിലും 1% തുക മാത്രമാണ് ഈയിനത്തിൽ ടി സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുള്ളത്. ഇതു മൂലം കരാറുകാർക്ക് 7614/- രൂപ അധികം അനുവദിച്ചിട്ടുണ്ട്.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/05.03.19) പ്രസ്തുത എസ്റ്റിമേറ്റിന്റെ ഡാറ്റാ ഉണ്ടാക്കിയപ്പോൾ $6^1x4^1$ മോഡുലാർ ടോയ്‌ലറ്റിന് 2,00,000/- രൂപയും സെപ്റ്റിക് ടാങ്കിന് 20000/- രൂപയും ചേർത്ത് 2,20,000/- രൂപയാണെന്നും, എന്നാൽ ടെൻഡർ ഷെഡ്യൂളിൽ $6^1x4^1$ മോഡേൺ ടോയ്‌ലറ്റും പി.വി.സി സെപ്റ്റിക് ടാങ്കും രണ്ട് ഐറ്റം ആയിട്ടാണ് ഉൾക്കൊള്ളിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. എന്നാൽ മോഡുലാർ ടോയ്‌ലറ്റിന്റെ ഒന്നിന്റെ നിരക്കാണ് നിർവ്വഹണ ഏജൻസി ക്വാട്ട് ചെയ്തത്. മറുപടിയിൽ പ്രതിപാദിക്കുന്നതിനു വിഭിന്നമായി എസ്റ്റിമേറ്റിൽ 14-ാം ഇനമായി സെപ്റ്റിക് ടാങ്കിന്റെ വിലയായി 23230/- രൂപ ഉൾപ്പെടുത്തി ആയത് പ്രത്യേകം നിർവ്വഹണ ഏജൻസിക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഒരു മോഡുലാർ ടോയ്‌ലറ്റിന്റെ നിരക്കിൽ സെപ്റ്റിക് ടാങ്കിന്റെ വിലയും ഉൾപ്പെടുന്നുവെന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. മറ്റ് അപാകതകൾക്ക് ലഭ്യമാക്കിയ മറുപടിക്ക് ഉപോൽബലകമായ തെളിവുകൾ ഹാജരാക്കിയിട്ടുമില്ല.

മേൽക്കാരണത്താൽ ക്രമ നം.(1), (2), (3) ഇനങ്ങളിലായി ആകെ അധികം നൽകിയ 75,050/- രൂപ (23230+5360+46460) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് നിർവ്വഹണ ഏജൻസിയിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്. കൂടാതെ ആദായനികുതിയിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന 7614/- രൂപ ടി ഏജൻസിയിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

# 3-2 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം - പദ്ധതിയ്ക്കായി ആവശ്യത്തിലധികം തുക വിനിയോഗിച്ചു

പ്രോജക്റ്റ് നം: 107/18

എസ്റ്റിമേറ്റ് : 14,99,999/-

കരാറുകാരൻ : ശ്രീ.അശോക് കുമാർ.വി.സി

എഗ്രിമെന്റ് നം./തീയതി : 18/22.12.17

അളവുപുസ്തക നം : 21/17-18

ബിൽ നം./തീയതി : 5/21.03.18

06.03.18 – ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് 14,99,520/- രൂപ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ സംബന്ധമായി ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റിന്റെ രണ്ടാം ഇനമായി 1000x1000mm സൈസിലുള്ള ടൈൽ 201.355 $m^2$ വിരിക്കുന്നതിന് 3215.26/$m^2$ നിരക്കിൽ 647408.88/- രൂപ വകയിരുത്തുകയും, പുതുക്കിയ എസ്റ്റിമേറ്റിൽ ടൈൽ വിരിക്കുന്ന ഏരിയ 223.982 $m^2$ ആയി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. 223.93 $m^2$ ടൈൽ വിരിച്ചതായി രേഖപ്പെടുത്തി 3236.36/$m^2$ നിരക്കിൽ 724718.09/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ടെൻഡറിൽ ഈ ഇനത്തിന് കരാറുകാരൻ രേഖപ്പെടുത്തിയിരുന്ന നിരക്ക് 3215.26/$m^2$ ആയിരുന്നു. ഇതുപ്രകാരം കരാറുകാരന് നൽകേണ്ട തുക 719993.17/-രൂപയാണെന്നിരിക്കെ (223.93 x 3215.26) തെറ്റായ നിരക്കിൽ തുക പിൻവലിച്ച് നൽകുക വഴി 4725/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട് (724718 – 719993).
2. വലിയ ടൈലുകൾ പാകേണ്ട പൊതുസ്ഥലങ്ങളിൽ സാധാരണ 600 x 600mmസൈസിലുള്ള ടൈലാണ് ഉപയോഗിക്കാറുള്ളത്. എന്നാൽ 800 x 800mm സൈസിലുള്ള ടൈലാണ് ഈ വർക്കിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിൽ പോലും അനുവദിക്കേണ്ടിയിരുന്ന നിരക്ക് 2272.69/- രൂപ മാത്രമായിരുന്നു (cost index 54.9%). മുകളിൽ പ്രതിപാദിച്ച പ്രവൃത്തിക്ക് ഈ നിരക്കിൽ കരാറുകാരന് അനുവദിക്കേണ്ടി വരുന്നത് 508923.47/-രൂപ മാത്രവുമാണ് (223.93x2272.69). എന്നാൽ ഇത് പരിഗണിക്കാതെ 1000 x 1000mm സൈസിലുള്ള ടൈൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തുക വഴി 211070/-രൂപയുടെ (719993-508923) അധികച്ചെലവാണ് ഉണ്ടായത്.
3. 1000 x 1000mm സൈസിലുള്ള ടൈലാണ് ഈ പ്രവൃത്തിക്കായി ഉപയോഗിച്ചിരിക്കുന്നതെങ്കിലും കരാറുകാരൻ സപ്ലൈ ചെയ്ത ടൈലിന്റെ ഗുണനിലവാര പരിശോധന നടത്തിയതായി രേഖയില്ല. ഈ നടപടി ഇതു സംബന്ധമായുള്ള സാങ്കേതിക നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/06.03.19) കരാറുകാരന് അധികം നൽകിയ തുക ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും, 1000 x 1000mm ടൈലുകളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും മറുപടി നൽകി. എന്നാൽ ഈ ഗുണമേന്മാ പരിശോധനയുടെ രേഖകൾ ഒന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആകയാൽ കരാറുകാരന് തെറ്റായ നിരക്കിൽ പിൻവലിച്ച് നൽകിയ 4725/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടൈൽ വർക്കിനായി ചെലവഴിച്ച ശേഷിച്ച 719993/- രൂപ മേൽകാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

# 3-3 മഡോണ റോഡിൽ ഇന്റർലോക്ക് ടൈൽ പാകൽ - എഡ്ജ് ബ്ലോക്കിനായി അധികച്ചെലവ്

പ്രോജക്ട് നം: 97/18

എസ്റ്റിമേറ്റ് : 5,35,000/-

കരാറുകാരൻ : ശ്രീ.ബൈജു.വി

പി.എ.സി : 4,80,595.5/-

എഗ്രിമെന്റ് നം./തീയതി : 22/12.01.18

അളവുപുസ്തക നം : 20/17-18

ബിൽ നം./തീയതി : 3/17.03.18

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഒന്നാം ഇനമായി 105x4.7x0.09 അളവിൽ ക്വാറിമക്ക് ഫില്ലിംഗും, രണ്ടാം ഇനമായി 105x4.3അളവിൽ 60mm കനത്തിലുള്ള ഇന്റർലോക്ക് വിരിക്കലും, 3-ാം ഇനമായി 105x0.2x0.065 അളവിലും 1:2:4 അനുപാതത്തിലുമുള്ള കോൺക്രീറ്റിംഗിനും, നെയിം ബോർഡിനുമുൾപ്പെടെയാണ് 535000/- രൂപ വകയിരുത്തിയിരുന്നത്. ഈ എസ്റ്റിമേറ്റിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി തയ്യാറാക്കിയ 535000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട് (3-ാം നം.തീരുമാനം) (Revised TS No.73321(a)/2017-18/05.03.18). എന്നാൽ കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടില്ല.

| ക്രമ നം. | പുതുക്കിയ എസ്റ്റിമേറ്റിലെ ഇനം | അളവ് |
|---|---|---|
| 1 | ക്വാറിമക്ക് ഫില്ലിംഗ് | 104x4.70x0.09 |
| 2 | 60mm കനത്തിലുള്ള ഇന്റർലോക്ക് പാകൽ | ഒഴിവാക്കി |
| 3 | 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗ് | 104x2x0.065 |
| | Extra item (1) 80mm കനത്തിലുള്ള ഇന്റർലോക്ക് പാകൽ | 111.50x4.30 |

15.03.18 – ൽ പൂർത്തീകരിച്ച ഈ വർക്കിന്റെ നിർവ്വഹണ സംബന്ധമായി അളവുപുസ്തകത്തിൽ താഴെപ്പറയും പ്രകാരം അളവ് രേഖപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.

1) ക്വാറിമക്ക് ഫില്ലിംഗ് - 100x3x0.1 =30 $m^3$@1100/$m^3$

2) 80 mm കനത്തിലുള്ള ഇന്റർ ലോക്ക് പാകൽ - 150x3 = 450 $m^2$@823.20/$m^2$

3) 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് - 2x150x0.2x0.04 = 2.4$m^3$@5000/$m^3$

ഒറിജിനൽ എസ്റ്റിമേറ്റിൽ വരുത്തിയ ഭേദഗതിക്ക് അനുസൃതമായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കെ അതിൽ നിന്നും വിഭിന്നമായ അളവിൽ വർക്ക ചെയ്യതായി കാണിച്ച് തുക പിൻവലിച്ച നടപടി ക്രമവിരുദ്ധമാണ്. കൂടാതെ ഇന്റർലോക്ക് പാകുന്നതിനായുള്ള നിരക്കിൽ എഡ്ജ് ബ്ലോക്ക ചെയ്യുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയിരിക്കെ ആയതിലേക്ക് പ്രത്യേകം തുക അനുവദിച്ച നടപടിയും ക്രമപ്രകാരമല്ല. 3 മീറ്റർ വീതിയിൽ റോഡ് ഫില്ലിംഗും, 3 മീറ്റർ വീതിയിൽ ഇന്റർലോക്ക് പാകലും മാത്രം നടത്തിയിരിക്കെ ഫില്ലിംഗ് നടത്താത്ത ഇരുവശവും വെറും 4 സെ.മീ കനത്തിലും 20 സെ.മീ വീതിയിലും കോൺക്രീറ്റ് ചെയ്യുന്നത് അപ്രായോഗികവും, നിഷ്പ്രയോജനവുമാണ്. ആകയാൽ ഇതിന്റെ ആവശ്യകത വ്യക്തമാക്കുവാനും മുകളിൽ പ്രതിപാദിച്ച മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനും നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/02.03.19) പണി ആരംഭിക്കുവാൻ ചെന്നപ്പോൾ സമീപവസ്തുവിന്റെ ഉടമ റോഡിന്റെ അതിരിൽ തർക്കം ഉന്നയിച്ചതിനാൽ പദ്ധതി തുക ലാപ്സാകാതിരിക്കുവാൻ റോഡ് 3 മീറ്റർ വീതിയിൽ ഇന്റർലോക്ക് ചെയ്യുവെന്നാണ് മറുപടി ലഭ്യമാക്കിയത്. ഈ മറുപടി അപാകതയെ സാധൂകരിക്കുന്നതല്ലെന്നതിനാൽ അംഗീകരിക്കുന്നില്ല. മേൽ സാഹചര്യത്തിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗിനായി ചെലവഴിച്ച 12000/- രൂപ (2.4x5000) ഓഡിറ്റിൽ നിരാകരിക്കുന്നു. ശേഷിച്ച ചെലവുതുകയായ 403440/- രൂപ മേൽ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. നിരാകരിച്ച തുക കരാറുകാരനിൽ നിന്നും 2 മാസത്തിനകം ഈടാക്കി തിരിച്ചടക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

# 3-4 ഫാൾസ് സീലിംഗ് നടത്തിയ അളവിലെ അപാകതമൂലം അധികച്ചെലവ്

പ്രോജക്ടിന്റെ പേര് - ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനുള്ളിലെ നവീകരണം മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ

പ്രോജക്ട് നമ്പർ - 23/18

എസ്റ്റിമേറ്റ് - 2,51,000/-

കരാറുകാരൻ - ആർ.ഗിരീഷ് കുമാർ

എഗ്രിമെന്റ് നം/തീയതി- 12/05.12.17

അളവു പുസ്തക നമ്പർ - 13/17-18

ബിൽ നം./തീയതി - 40/05.03.18

15.02.2018ൽ പൂർത്തീകരിച്ച ഈ വർക്കിന്റെ 5-ാം ഇനമായി 23.86എം$^2$ ഫാൾസ് സീലിംഗ് നടത്തിയതിന് (Providing and fixing field false ceiling approved materials of size 595x595 mm) 1557.29/m$^2$ നിരക്കിൽ 37156.94/-രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 21.79 എം$^2$ പ്രസിഡന്റിന്റെ റൂം സീലിംഗ് നടത്തിയതായി കാണിച്ചാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത റൂമിൽ സീലിംഗ് നടത്തിയ അളവിൽ വ്യത്യാസമുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ എൻജിനീയറിംഗ് വിഭാഗത്തോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സീലിംഗ് നടത്തിയ അളവ് 13.475എം$^2$ (3.85x3.50) മാത്രമാണെന്ന് പരിശോധനാ റിപ്പോർട്ടിൽ നിലവിലെ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഈയിനത്തിൽ അധികം തുക അനുവദിച്ചതിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല (നം. 9/06.03.19). മേൽ സാഹചര്യത്തിൽ ഈയിനത്തിൽ അധികമായി അനുവദിച്ച 12,949/-രൂപ (21.79-13.475x1557.29) ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം അനുവദിച്ച തുക കരാറുകാരനിൽ നിന്നും 2 മാസത്തിനകം ഈടാക്കി തിരിച്ചടക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

നിർവ്വഹണം- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

# 3-5 ഫൗണ്ടേഷനുവേണ്ടിയുള്ള കുഴിക്കലിലൂടെ ലഭിച്ച മണ്ണ് പൂർണ്ണമായി ഫില്ലിംഗിന് ഉപയോഗിക്കാതിരിക്കുകവഴി അധികച്ചെലവ്

പ്രോജക്ടിന്റെ പേര് - അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ 48-ാം നമ്പർ അംഗൻവാടി നിർമ്മാണം

പ്രോജക്ട് നമ്പർ - 51/17

എസ്റ്റിമേറ്റ് - 1000000

കരാറുകാരൻ - ആർ.ഗിരീഷ്കുമാർ

എഗ്രിമെന്റ് നം. - 6/31.12.16

അളവുപുസ്തക നം. - 12/16-17

ബിൽ നമ്പർ - 13/20.06.17

ഈ പ്രവൃത്തിയുടെ ഒന്നാം ഇനമായി ഫൗണ്ടേഷനുവേണ്ടിയുള്ള കുഴിക്കലിലൂടെ 24.80എം$^3$ മണ്ണ് ലഭിച്ചിരുന്നു. ഇതേ വർക്കിന്റെ എക്സ്ട്രാ ഇനം (7) ആയി ബേസ്മെന്റ് ഫില്ലിംഗിന് 25.3എം$^3$ മണ്ണുപയോഗിക്കുകയും കുഴിക്കലിലൂടെ ലഭിച്ച മണ്ണിന്റെ 40% ആയ 9.92എം$^3$ കുറച്ച് ശേഷിച്ച 15.39എം$^3$-ന് @1142/എം$^3$ നിരക്കിൽ 17575.38/-രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. ഒറിജിനൽ എസ്റ്റിമേറ്റിൽ ഫൗണ്ടേഷൻ ഫില്ലിംഗിന് തുക വകയിരുത്തിയിരുന്നില്ല. 04.01.17-ൽ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റിന്റെ എക്സ്ട്രാ ഇനം-7 ആയി ഫില്ലിംഗിന് 25.31എം$^3$ മണ്ണ് വകയിരുത്തുകയും കുഴിക്കലിലൂടെ ലഭിക്കുന്ന മണ്ണിന്റെ 40% ആയ 9.92എം$^3$ കുറച്ച് ശേഷിച്ച 15.39എം$^3$-ന് തുക ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റിൽ തന്നെ കുഴിക്കൽ വഴി ലഭിക്കുന്ന മണ്ണിന്റെ 40% മാത്രം ഫില്ലിംഗിനായി ഉപയോഗിക്കുന്നതായി കാണിക്കുകയും ആയതുപ്രകാരം കരാറുകാരന് തുക അനുവദിക്കുകയുമാണ് ഉണ്ടായത്. എസ്കവേഷൻവഴി ലഭിച്ച ശേഷിച്ച മണ്ണ് ഉപയോഗയോഗ്യമല്ലെന്ന് അളവുപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തുകയോ, മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കുഴിക്കൽ വഴി ലഭിച്ച മണ്ണ് പൂർണ്ണമായും വിനിയോഗിച്ച് ശേഷിച്ച അളവിന് മാത്രമാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/1.3.19) "കുഴിക്കലിലൂടെ ലഭിച്ച 24.80എം$^3$ൽ 9.92എം$^3$ ലൂസ് ക്ലെ കുറവുചെയ്ത് ബാക്കി മാത്രമേ ഫില്ലിംഗിന് ഉപയോഗിക്കാൻ സാധിച്ചുള്ളൂവെന്നാണ്" നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. എന്നാൽ കുഴിക്കലിലൂടെ ലഭിച്ച മണ്ണിന്റെ 40% ആയ 9.92എം$^3$ മാത്രമാണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ എസ്കവേഷനിലൂടെ ലഭിച്ച ശേഷിച്ച **14.88എം$^3$** മണ്ണ് ലൂസ് ക്ലെ ആണെന്നോ, അത് ഉപയോഗയോഗ്യമല്ലെന്നോ അളവുപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടും ഇല്ല. മേൽ സാഹചര്യത്തിൽ മറുപടി അംഗീകരിക്കുന്നില്ല. ആകയാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 16993/-രൂപ (14.88x1142) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് കരാറുകാരനിൽ നിന്നും 2 മാസത്തിനകം ഈടാക്കി തിരിച്ചടക്കാത്തപക്ഷം അധികചെലവിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

# 3-6 പി.എ.സി.യിൽ നിജപ്പെടുത്താതെ കരാറുകാരന് അധികം തുക പിൻവലിച്ചു നൽകി

പ്രോജക്ടിന്റെ പേര് - പുറക്കാട് ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് മണ്ണുംപുറം കോളനി നവീകരണം

പ്രോജക്റ്റ് നമ്പർ - 110/18

എസ്റ്റിമേറ്റ് - 509100/-

കരാറുകാരൻ - ശ്രീ.ഇസ്മയിൽ.എച്ച്.

പി.എ.സി. - 502733/-

എഗ്രിമെന്റ് നം.- 25/19.1.18

അളവുപുസ്തക നം.- 24/17-18

ബിൽ നമ്പർ - 6/21.3.18

ഈ വർക്കിനായി കരാറുകാരൻ ടെൻഡറിൽ രേഖപ്പെടുത്തിയ തുക 5,02,733/-രൂപയായിരുന്നു. നിർവ്വഹണ ഘട്ടത്തിൽ പ്രവൃത്തിയുടെ അളവിൽ ഭേദഗതി വരുകയോ, ആയതുപ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. 505723/-രൂപ മൂല്യനിർണ്ണയം നടത്തി പി.എ.സി.യിൽ നിജപ്പെടുത്താതെ 505723/-രൂപയും ട്രഷറിയിൽ നിന്നും പിൻവലിക്കുകയാണുണ്ടായത്. ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/2.3.19) മറുപടി ലഭിച്ചില്ല. ആകയാൽ ഈയിനത്തിൽ അധികം

നൽകിയ 2990/-രൂപ (505723-502733) ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് കരാറുകാരനിൽ നിന്നും 2 മാസത്തിനകം തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

നിർവ്വഹണം - അസിസ്റ്റന്റ് എൻജിനീയർ

# 3-7 അമ്പലപ്പുഴ ഗവ. മോഡൽ സ്കൂളിൽ വിദ്യാർത്ഥികൾക്കായി സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് - ടെൻഡർ അംഗീകരിച്ച നടപടി നിയമാനുസൃതമല്ല

പ്രോജക്ട് നമ്പർ - 106/18

എസ്റ്റിമേറ്റ് - 1189250/-

കരാർ ഏറ്റെടുത്ത ഏജൻസി - മോഡേൺ ഡിസ്ട്രോപൊളിസ് ലിമിറ്റഡ്

എഗ്രിമെന്റ് നമ്പർ/തീയതി - 29/3.2.18

അളവുപുസ്തക നമ്പർ - 26/17-18

ബിൽ നമ്പർ/തീയതി - 9/23.3.18

അമ്പലപ്പുഴ ഗവ. മോഡൽ സ്കൂളിൽ വിദ്യാർത്ഥികൾക്കായി 5 സ്ത്രീ സൗഹൃദ ടോയ്‌ലറ്റും, ഇൻസിനേറ്ററും, ഒരു മോഡുലർ ടോയ്‌ലറ്റും സ്ഥാപിക്കുന്നതിനും 180എം$^2$ ഇന്റർലോക്ക് പാകുന്നതിനായുമാണ് 1189250/-രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. ഇതിലേക്കായി ഇ-ടെൻഡർ ക്ഷണിച്ചതനുസരിച്ച് ശ്രീ.സജി.ജെ. എന്ന കരാറുകാരൻ 15.11.17ൽ സമർപ്പിച്ച ടെൻഡറിൽ 11,32,497/-രൂപ നിരക്ക് രേഖപ്പെടുത്തിയിരുന്നുവെങ്കിലും സിംഗിൾ ടെൻഡർ എന്ന കാരണത്താൽ ഇത് തിരസ്കരിച്ചതായാണ് രേഖ. തുടർന്ന് ഈ എസ്റ്റിമേറ്റിൽ സമൂലമാറ്റം വരുത്തി 4 മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനും (with napkin destroyer) 29m$^2$ ഇന്റർലോക്ക് പാകുന്നതിനുമായി 11,89,250/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിക്കുകയാണ് ഉണ്ടായത്. ഇതുപ്രകാരം Modern distropolis Ltd. എന്ന സ്ഥാപനം മാത്രം ടെൻഡർ സമർപ്പിക്കുകയും, ടെൻഡറിൽ 1188305/-രൂപ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. ഇത് 02.02.2018-ൽ കൂടിയ പഞ്ചായത്തുകമ്മിറ്റി അംഗീകരിച്ച് നിർവ്വഹണ ചുമതല അവരെ ഏൽപ്പിച്ചതായാണ് രേഖ (1(1) തീരുമാനം). ചെയ്യേണ്ട ഇനങ്ങളിൽ കുറവുവരുത്തിയും, ഒറിജിനൽ എസ്റ്റിമേറ്റിൽ സമൂലമാറ്റം വരുത്തിയും ടെൻഡർ ക്ഷണിച്ചപ്പോൾ ഒരു ടെൻഡർ മാത്രമാണ് ലഭിച്ചതെന്നിരിക്കെ ആയത് ആദ്യടെൻഡറായി പരിഗണിച്ച് റീ-ടെൻഡർ നടപടി സ്വീകരിക്കുകയാണ് നിയമപ്രകാരം ചെയ്യേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടും, ഇ-ടെൻഡർ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/05.03.19) മാർച്ച് 31ന് മുൻപ് പണി പൂർത്തീകരിക്കേണ്ടതിനാലാണ് 02.02.18-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി പ്രസ്തുത ഏജൻസിയെ വർക്ക് ഏൽപ്പിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് വർക്ക് നടപ്പാക്കുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

ഈ വർക്കിന്റെ ആകെ മൂല്യം 1188305/-രൂപയായി നിശ്ചയിച്ച് ആദായനികുതിയിനത്തിൽ 11883/-രൂപയും (1%) KCWWF ഇനത്തിൽ 11883/-രൂപയും കുറവുചെയ്ത് ശേഷിച്ച 1164539/-രൂപ പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടുണ്ട്. സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന വർക്കിന്റെ ആകെ മൂല്യത്തിൽ നിന്നും 2% ആദായനികുതിയിനത്തിൽ കുറവുചെയ്യണമെന്നിരിക്കെ 1% മാത്രം കുറവുചെയ്തതിനുള്ള കാരണവും വിശദീകരിക്കപ്പെട്ടിട്ടില്ല. ആകയാൽ ഈയിനത്തിൽ കുറവുവന്ന 11883/-രൂപ ഈടാക്കി തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണം - അസിസ്റ്റന്റ് എൻജിനീയർ

# 3-8 മതിയായ ആസൂത്രണം ഇല്ലാതെ വനിതാ ഗ്രൂപ്പ്, ബ്രിക്സ്,

# ടൈൽ നിർമ്മാണ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ - 1264067/- രൂപയുടെ ഉപകരണങ്ങൾ കൈമാറാതെ സ്ഥാപനത്തിൽത്തന്നെ സൂക്ഷിക്കുന്നു

2017-18 വർഷം സെക്രട്ടറി നടപ്പാക്കിയ വനിതാ ഗ്രൂപ്പ് ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് ഉപകരണങ്ങളും ടൈൽ നിർമ്മാണ യൂണിറ്റുകൾക്ക് ഉപകരണങ്ങളും, ടൈൽ ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് മെഷിനറി, എന്നീ പദ്ധതികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം/പദ്ധതി | വാങ്ങിയ ഉപകരണങ്ങൾ/എണ്ണം | | ചെലവഴിച്ച തുക/ബിൽ നം |
|---|---|---|---|
| | ഉപകരണങ്ങൾ | റേറ്റ് | |
| വനിതാ ഗ്രൂപ്പ് ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് ഉപകരണങ്ങളും മറ്റ് അനുബന്ധ സാധനങ്ങളും (പ്രൊജക്ട് നം. S0082/17) | 1. Hydralic operated cavity automatic type hollow block and solid blok making machine with 2hp single /three phase motor, two trolly and one shouel -2 nos<br>2.half bag stand type mixer machine with 2hp single phase 960RPM crompton motor without wheels -2 | 152381x2=304762/-<br>76190x2= 152380<br>vat 5%=22858/-<br>total=4,80,000/- | 4,80,000 /-<br>ബിൽ നം - 02/17-18/15.06.17. |
| 2.വനിതാ ഗ്രൂപ്പ് ടൈൽ നിർമ്മാണ യൂണിറ്റുകൾക്ക് ഉപകരണങ്ങളും മറ്റ് അനുബന്ധ സാധനങ്ങളും (പ്രൊജക്ട് നം S0083/17) | 1.5 hp shape motor with stool and accessories – 2 nos<br>3hp three phase 960 RPM motor -2<br>3hp motor without wheets<br>vat – 5% | 80952x2 =161904/-<br>73810x2=147620/-<br>73810x2=147620/-<br>22856 /- | 5/17-18, 15.6.17/<br>4,80,000 /- |
| 3. ടൈൽ ബ്രിക്സ് നിർമ്മാണ ഗ്രൂപ്പിന് മെഷിനറി (പ്രൊജക്ട് നം S0016/17) | 1.Synthetic rubber mould for tibs 1625 kg -160 kg<br>2.extra items for tibs and bricks – metal sheet, glous, brush,cementchatty, korandi, rubber kotta, knife, trolly and shoue<br>vat - 5 % | 247619/-<br>41969/-<br>14479/- | 304067/-<br>4/17-18/15.6.17 |

മേൽ വിവരിച്ച പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും MGNREGS ബ്രിക്സ്, ടൈൽ നിർമ്മാണ ഗ്രൂപ്പുകൾക്ക് കൈമാറിയതായി രേഖപ്പെടുത്തിയിട്ടില്ല, ഉപകരണങ്ങൾ NREGS ഗ്രൂപ്പുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പ്രസ്തുത ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദീകരിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (no.11/06.03.19) ഹാജരാക്കിയ മറുപടിയിൽ ഒരു യൂണിറ്റ് ഉപകരണങ്ങൾ പുന്നപ്രവടക്ക് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും, എന്നാൽ വൈദ്യുതി ബന്ധം ലഭിക്കുവാനുണ്ടായ കാലതാമസം മൂലം പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും, ഒരു യൂണിറ്റ് നിർമ്മാണ ഉപകരണങ്ങളും, ടൈൽ ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് പൊതുവായി വാങ്ങിയ ഉപകരണങ്ങളും നിലവിലും ആർക്കും കൈമാറാതെ സ്ഥാപനത്തിൽത്തന്നെ സൂക്ഷിച്ചിരിക്കുകയാണ് എന്നാണറിയിച്ചത്. നിർമ്മാണയൂണിറ്റുകൾക്കാവശ്യമായ കെട്ടിടവും മറ്റ് അനുബന്ധ സൌകര്യങ്ങളും ഒരുക്കാതെ മുൻകൂട്ടി ഉപകരണങ്ങൾ വാങ്ങിയതാണ് വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കഴിയാതെ പോയതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. മേൽസാഹചര്യത്തിൽ ഈ

ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വാങ്ങിയ ഉപകരണങ്ങൾ നിലവിലും പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച തുക 1264067/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഐ.എ.വൈ അക്കൌണ്ടിൽ കോടികളുടെ നീക്കിയിരുപ്പ്

ഐ എ വൈ പദ്ധതി 15-16 വർഷം അവസാനിച്ചതിനെ തുടർന്ന് പി എം എ വൈ പദ്ധതി ആരംഭിക്കുകയും, പി എം എവൈ വിഹിതം നിലവിലുണ്ടായിരുന്ന ഐ എ വൈ അക്കൌണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. സ്ഥാപനം ഹാജരാക്കിയ രേഖകൾ പ്രകാരം 31.3.18 ൽ 1,87,22,292/- രൂപ ഈ അക്കൌണ്ടിൽ നീക്കിയിരുപ്പുണ്ട്. നൽകാനുള്ള പി.എം.എ.വൈ ആനുകൂല്യം 16,56,000/- കിഴികെ 1,50,46,669/- രൂപ ഓഡിറ്റ് വേളയിൽ(3/19) ഈ അക്കൌണ്ടിൽ അവശേഷിക്കുന്നുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പദ്ധതി വിഹിതമായി ലഭിച്ച തുകയും സംസ്ഥാന സർക്കാർ വിഹിതവും ഉൾപ്പെടുന്ന തുകയാണിത്. അതിനാൽ ഈ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക സർക്കാർ അനുമതി വാങ്ങിക്കൊണ്ട് അനുബന്ധ പദ്ധതികൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 ചെലവു രേഖകളിൽ തിരുത്തലുകൾവരുത്തി തുക അധികം പിൻവലിച്ചു

ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് ചിലവുകൾക്കായി 13.7.17 ൽ ചെക്ക് നമ്പർ 1746475 പ്രകാരം 43233/- രൂപ മാറിയിട്ടുണ്ട്. ഈ ചിലവിൽ ഉൾപ്പെടുന്ന മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ എന്ന ചെലവിന് ഹാജരാക്കിയ കൈപ്പറ്റ് രസീതിൽ 800/- രൂപ വിതം 4 പേർക്ക് 3200/- കൈപ്പറ്റിയതായി രേഖപ്പെടുത്തൽ ഉണ്ടെങ്കിലും അതിൽ 8200/- രൂപ എന്ന് തിരുത്തൽ വരുത്തിയാണ് തുക മാറിയിട്ടുള്ളത്. ഇപ്രകാരം വൗച്ചറിൽ തിരുത്തൽ വരുത്തി അധികം തുക പിൻവലിച്ചതിന് വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (21/7.3.2019) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. ഇപ്രകാരം വൗച്ചർ തിരുത്തി അധികം പിൻവലിച്ച 5000/- രൂപ ഉത്തരവാദിയായവരിൽ നിന്നും തിരിച്ചടക്കുന്ന തീയതി വരെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ വൗച്ചറിൽ തിരുത്തൽ വരുത്തി അധികം തുക പിൻവലിച്ച ഉദ്യോഗസ്ഥനെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുവാനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-11 കശുമാവിൻ തൈകൾ വിതരണം പദ്ധതി - തൈകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രൊജക്ട് നം.99/18

അടങ്കൽ - 650800/- (വികസനഫണ്ട്)

ബിൽ നം - 1/17-18, 10.01.18, 3,00,000/-

4/17-18, 12.03.18, 3,27,770/-

അസിസ്റ്റന്റ് ഡയറക്ടർ കൃഷി ഓഫീസർ നടപ്പാക്കിയ കശുമാവിൻ തൈകൾ വിതരണം പദ്ധതി പ്രകാരം കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും ഒരു തൈക്ക് 36.50രൂപ പ്രകാരം (ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 1.50+35) ആകെ 17200 തൈകൾക്ക് 6,27,770/- രൂപ ചെലവഴിച്ചിട്ടുണ്ട്. അഞ്ച് പഞ്ചായത്തുകൾക്കായി 3440 തൈ വീതം വിതരണം ചെയ്യുന്നതായിട്ടാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ഇതിൽ അമ്പലപ്പുഴ സൗത്ത് പഞ്ചായത്തിന് 900 എണ്ണം, പുന്നപ്ര സൗത്ത് 3500 എണ്ണം, അമ്പലപ്പുഴ നോർത്ത് 1750 എണ്ണം പ്രകാരം ആകെ 6150 തൈകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്, മുൻകൂറായി തുക നൽകിയിയെങ്കിലും കശുമാവിൻ തൈകൾ പൂർണ്ണമായും വിതരണം നടത്തിയിട്ടില്ല. സബ്സിഡി നിർദ്ദേശം ഖണ്ഡിക 2-11 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട സംഗതികളിൽ ഒഴികെ സബ്ഡസിഡി അഡ്വാൻസായി നൽകാവുന്നതല്ല. ബാക്കിയുള്ള തൈകൾ ലഭ്യമാകുവാൻ കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷനുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും

നാളിതുവരെയായി തൈകൾ പൂർണ്ണമായും ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള തൈകളുടെ വിലയായ 403295/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 ക്രമപ്രകാരമല്ലാതെ ചിലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

അമ്പലപ്പുഴ ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് 14.11.2008-ൽ അപകടത്തിൽപ്പെട്ടതിനെ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഒന്നാംപ്രതിയും, ഡ്രൈവർ രണ്ടാം പ്രതിയുമാക്കി അപകടത്തിൽപ്പെട്ടവർ ആലപ്പുഴ എം എ സി റ്റിയിൽ കേസ് നൽകിയിരുന്നു. 30.3.16ലെ കോടതി വിധിപ്രകാരം ശ്രീ.തോമസിന് 249827/- രൂപയും, ബന്ധുവിന് 6250/- 7.5% പലിശയടക്കം പെറ്റീഷൻ തീയതി മുതൽ നൽകാൻ തീരുമാനമുണ്ടായി. എന്നാൽ അപകടത്തിൽപ്പെട്ട വാഹനത്തിന്റെ ഇൻഷ്വറൻസ് കാലാവധി കഴിഞ്ഞതിനാൽ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമായില്ല. എതിർ കക്ഷികൾ വീണ്ടും കോടതിയെ സമീപിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്ത് വാഹനമായ കെ.എൽ 04 എസി 9090 ജപ്തി ചെയ്യാൻ ഉത്തരവുണ്ടായി. ജപ്തി ഒഴിവാക്കുവാൻ വേണ്ടി കോടതി നിർദ്ദേശിച്ച വിധിപ്രകാരമുള്ള തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകുന്നതിനും ഈ സാഹചര്യത്തിന് ഉത്തരവാദികളായ അന്നത്തെ സെക്രട്ടറി ശ്രീ.പീറ്റർ ജിമ്മി, ഡ്രൈവർ ശ്രീ.ജ്യോതിരാജ് എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും 08.05.2017ൽ ചേർന്ന അടിയന്തിര കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. വിധിപ്രകാരമുള്ള തുകയായ 3,89,409/-രൂപ ചെക്ക് നം. 1746449/തീയതി, 12.5.17, 9764/- രൂപ ചെക്ക് നം. 1746450 തീയതി, 12.5.17 എന്നീ തീയതികളിലും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മാറി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻമേൽ സ്വീകരിച്ച തുടർ നടപടികളുടെയും വാഹനത്തിന്റെ നിലവിലെ സ്ഥിതിയും അന്വേഷിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.17/7.3.2019) നൽകിയതിന്റെ വിശദീകരണ പ്രകാരം തുക ഈടാക്കുന്നതിനെതിരായി ശ്രീ.പീറ്റർ ജിമ്മി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കോടതിയുടെ പരിഗണനയിലാണെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഉത്തരവാദികളായ വ്യക്തികളിൽ നിന്നും തുക തിരികെ ലഭിക്കുന്നതുവരെ ക്രമപ്രകാരമല്ലാതെ ചിലവഴിച്ചിരിക്കുന്ന തുകയായ 399173/- രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 EMS ഭവന വായ്പാ പദ്ധതി - ലോൺ തുക താമസിച്ച് ഒടുക്ക് വരുത്തി

പ്രോജക്ട് നം. - S0005/18

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 350000 (വികസന ഫണ്ട്)

ബിൽ നം - 09/17-18/31.08.17, 3,50,000/-

ഇഎംഎസ് ഭവന വായ്പാ തിരിച്ചടവ് പദ്ധതിക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച 3,50,000/- രൂപ ബാങ്കിൽ 5.9.17 ൽ നിക്ഷേപിച്ചെങ്കിലും ലോൺ അക്കൗണ്ടിൽ ക്രഡിറ്റായത് 21.4.18 ൽ ആണ്. മാസങ്ങളോളം ഈ തുക സേവിംഗ്സ് അക്കൌണ്ടിൽ നിക്ഷേപമായി തുടരുകയാണ് ഉണ്ടായത്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/28.02.19) ഹാജരാക്കിയ മറുപടിയിൽ സേവിംഗ്സ് അക്കൌണ്ടിൽ ഒടുക്ക് വരുത്തിയ തുക യഥാസമയം ലോൺ അക്കൗണ്ടിൽ ക്രമപ്പെടുത്തേണ്ട ഉത്തരവാദിത്വം പ്രസ്തുത ബാങ്കിനുള്ളതാണെന്നാണ് അറിയിച്ചത്, ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ലോൺ തുക യഥാസമയം തിരിച്ചടയ്ക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. പലിശ തുക സർക്കാരിന്റെ ബാധ്യതയായതിനാൽ ക്രമവിരുദ്ധമായ ഈ നടപടി മൂലം സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകുകയാണ് ഉണ്ടായത്. തുടർന്നും ഇപ്രകാരമുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പി എം എ വൈ ഭവനനിർമ്മാണ പദ്ധതിയ്ക്കായി മുൻകൂർ തുക പിൻവലിച്ചെങ്കിലും ചെലവഴിച്ചില്ല

പ്രൊജക്ട് നം. - S0094/18

നിർവ്വഹണം - സെക്രട്ടറി

അടങ്ങൽ - 500000 (വികസനഫണ്ട്)

ബിൽ നം - 21 /17-18/28.10.17, 500000/-

പി എം എ വൈ ഭവനനിർമ്മാണം (SC) അധിക ധനസഹായം പദ്ധതിയിൽ ഉൾപ്പെട്ട 5 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 500000/- രൂപ പിൻവലിച്ച് PMAY സംയുക്ത അക്കൌണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. ഗുണഭോക്തൃ ലിസ്റ്റിലെ കുഞ്ഞച്ചൻ, കനകമ്മ എന്നീ ഗുണഭോക്താക്കൾക്ക് മാത്രമാണ് തുക പൂർണ്ണമായും കൈമാറിയത്, ഭാസ്കരൻ എന്ന ഗുണഭോക്തവിന് 75000/- നൽകുകയുണ്ടായി. മറ്റ് ഗുണഭോക്താക്കളായ സുഷമ, ഉഷാകുമാരി എന്നിവർ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല. സുഷമ, ഉഷാകുമാരി എന്നീ ഗുണഭോക്താക്കൾ അടിത്തറയുടെ നിർമ്മാണം മാത്രം നടത്തിയിരിക്കെയാണ് ഇവർക്ക് മുൻകൂറായി തുക പിൻവലിച്ചത്. എന്നാൽ ഓഡിറ്റ് കാലയളവിലും ഈ ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/6-03-19) ഈ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാലാണ് തുക നൽകാത്തതെന്നും, പൂർത്തീകരിക്കുന്ന മുറയ്ക്ക് ആനുകൂല്യം കൈമാറുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മുൻകൂറായി തുക പിൻവലിച്ചതിന് വിശദീകരണം ഹാജരാക്കിയില്ല. ഭവന നിർമ്മാണത്തിന്റെ പ്രാരംഭഘട്ടം പോലും പൂർത്തിയാക്കാത്തവരെ ഉൾപ്പെടുത്തി പദ്ധതിപ്പണം മുൻകൂറായി പിൻവലിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ഇത് മേലിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അഞ്ച് ലക്ഷം രൂപ പിൻവലിച്ചതിൽ 275000/-രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അവശേഷിക്കുന്ന 225000/-രൂപ ഭവന നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല – തുടർനടപടികൾ സ്വീകരിക്കണം

ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി. കൂടാതെ 2015-16 ൽ നിർത്തലാക്കിയിട്ടുള്ള ഐ എ വൈ പദ്ധതിയിൽ അവശേഷിച്ച ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽപ്പെടുത്തിയും ഭവന നിർമ്മാണാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. എന്നാൽ PMAY പദ്ധതിയിലും, IAY പദ്ധതിയിലുൾപ്പെട്ടുമായ നിരവധി ഗുണഭോക്തക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയിക്കിയിട്ടില്ല.

1. 2011-12 മുതൽ 2015-16 വരെയുള്ള ഐ.എ.വൈ സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരിക്കാത്ത വീടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | വർഷം | നിലവിലെ അവസ്ഥ | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| റജീനമോൾ, മത്തിൽപ്പറമ്പ് | പുറക്കാട് | 2014-15 | ഏരിയാ കൂട്ടതലായി നിർമ്മിച്ചു | 49500/- | R.R നടപടികൾ |
| ചെമ്പകവല്ലി, പ്രശാന്തി | പുന്നപ്രതെക്ക് | 2015-16 | ഏരിയാ കൂട്ടതലായി നിർമ്മിച്ചു | 189500/- | R.R നടപടികൾ |
| സതി രഘുനാഥൻ, പുത്തൻപുരയിൽ | അമ്പലപ്പുഴതെക്ക് | 2015-16 | പണി തുടങ്ങിയിട്ടില്ല | 17500/- | R.R നടപടികൾ |
| ഉഷ, കരിക്കളം | പുറക്കാട് | 2015-16 | പണി തുടങ്ങിയിട്ടില്ല | 17500/- | R.R നടപടികൾ |
| അതുക്കബീവി, കട്ടിക്കൽ | പുറക്കാട് | 2015- | ഭിത്തിമട്ടം | 364500/- | ലൈഫ് പദ്ധതിയിൽ |

| | | | | | |
|---|---|---|---|---|---|
| | | 16 | | | ഉൾപ്പെട്ടവർ |
| ലളിത തമ്പി | പുറക്കാട് | 2015-16 | മേൽക്കൂര വരെ | 333000/- | ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടവർ |

2. പി എം എ വൈ പദ്ധതി ഉൾപ്പെട്ട ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്തക്കളുടെ ലിസ്റ്റ്

| ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | വർഷം | നിലവിലെ അവസ്ഥ | നൽകിയ തുക |
|---|---|---|---|---|
| പൊന്നമ്മ, പത്തിൽച്ചിറ | പുന്നപ്രതെക്ക് | 2016-17 | ഉത്തരപൊക്കം നിർമ്മിച്ച | 176000 |
| രതീഷ്, പുതുവൽ | അമ്പലപ്പുഴ വടക്ക് | 2016-17 | ഉത്തരപ്പൊക്കം | 96000/- |
| സുഭദ്ര, മഠത്തിൽ പറമ്പ് | പുറക്കാട് | 2016-17 | മേൽക്കൂര | 323000/- |
| ഭാസ്കരൻ, ദിവ്യാലയം | പുറക്കാട് | 2016-17 | അടിത്തറ | 123000 |
| ഉഷാകുകമാരി, അറുവന്തറ | പുറക്കാട് | 2016-17 | പണി തുടങ്ങിയിട്ടില്ല | 48000 |
| സുഷമ്മ, ശാന്താഭവനം | പുറക്കാട് | 2016-17 | പണി തുടങ്ങിയിട്ടില്ല | 48000 |
| വിലാസിനി, ആയിരം തൈവളപ്പ് | പുന്നപ്രവടക്ക് | 2016-17 | പണി തുടങ്ങിയിട്ടില്ല | 48000 |
| റോയി, ഇല്ലിച്ചിറ | പുറക്കാട് | 2016-17 | മേൽക്കൂര | 248000 |
| മണിയമ്മ | പുറക്കാട് | 2016-17 | അടിത്തറ | 76000 |
| കാർത്ത്യായനി ശോഭ | പുന്നപ്രതെക്ക് | 2017-18 | അടിത്തറ | 148000 |
| പ്രിയ | പുറക്കാട് | 2017-18 | അടിത്തറ | 168000 |

മേൽ വിവരിച്ച രണ്ട് പദ്ധതിയിലുൾപ്പെട്ട ഗുണഭോക്തക്കളിൽ പ്രാരംഭ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിക്കുകപോലും ചെയ്യിട്ടില്ലാത്തവരും, രണ്ടാംഘട്ടവും, മൂന്നാംഘട്ടവും പൂർത്തിയാക്കിയവരും ഉൾപ്പെടുന്നുണ്ട്. ഇവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർന്നും ഭവനനിർമ്മാണം പൂർത്തികരിക്കുവാൻ യാതൊരു നടപടികളും സ്വീകരിക്കാത്തവരിൽ നിന്ന് ആനുകൂല്യം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ 7.11.2018 ലെ നം 667ഡി ബി 1/2018 തസ്വഭവ സർക്കുലർ പ്രകാരം സ്വീകരിക്കാവുന്നതാണ്.

## 3-16 2017-18 സാമ്പത്തികവർഷത്തെ അച്ചടി ജോലികൾ - കൊട്ടേഷൻ ക്ഷണിച്ചില്ല

2017-18 വർഷം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ അച്ചടി ജോലികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | ഏജൻസി | തുക | ചെക്ക് നം |
|---|---|---|---|---|
| 1 | ബഡ്ജറ്റ് | എലഗന്റ് ഫോട്ടോസ്റ്റാറ്റ്, | 18000/- | 1746464/12.6.17 |
| 2 | സെക്രട്ടറി നിർവ്വഹണം ചെയ്ത ആസൂത്രണവും മോണിറ്ററിംഗും (പ്രൊജക്ട് നം - S0002/18 )പദ്ധതി | | | |
| 3 | വികസനരേഖ 2017-22 | സുഭദ്ര ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് | 9500/- | ബിൽ നം. 08/17-18/28.07.17, 111905 /- |
| 4 | അന്തിമ പദ്ധതി രേഖ | സുഭദ്ര ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് | 12500/- | |
| 5 | വികസന സെമിനാർ കരട് പദ്ധതി രേഖ (150) | സുഭദ്ര ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് | 8250/- | ചെക്ക് നം. 1746467/ 17.6.17 |
| 6 | പ്രിന്റിംഗ് അന്തിമ പദ്ധതി രേഖ | | 3200/- | ചെക്ക് നം. 1746467/ 17.6.17 |
| 7 | ആകെ സുഭദ്ര ഓഫ്സെറ്റ് പ്രസ്സിന് നൽകിയത് | | 33450/- | |

2013 ലെ സ്റ്റോർ പർച്ചേസ് മാനവൽ ജി.ഒ(പി) നം 3/2013 SPD/തീയതി 21.06.2013 വ്യവസ്ഥകൾ പ്രകാരം 15000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ അച്ചടി ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/7.03.19) മറുപടി ഹാജരാക്കിയില്ല. ഓരോ വർഷവും ബ്ലോക്ക്പഞ്ചായത്ത് പദ്ധതി ആസൂത്രണ ചെലവുകളുടെ ഭാഗമായി പ്രിന്റിംഗ് വർക്കുകൾ ധാരാളം നടത്തിവരുന്നുണ്ട്. ഇപ്രകാരം വരുന്ന ചെലവുകൾ സ്ഥാപനത്തിന്റെ സാമ്പത്തികലാഭം മുൻനിർത്തിയും പ്രൊക്യുർമെന്റ് മാന്വലിലെ നിബന്ധനകൾ പാലിച്ച് വേണം നടത്തേണ്ടത്. അതിനാൽ മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 51450/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 കേരളോൽസവം - നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി

പ്രോജക്ട് നം - S0003/18

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 100000 (വികസനഫണ്ട്)

ബിൽ നം - 33/17-18/10.01.18, 100000/-

കേരളോൽസവം നടത്തിപ്പിനായി ആലപ്പി സ്പോർട്സ് ഇൻഡസ്ട്രീസിൽ നിന്നും 34900/- രൂപയുടെ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്, സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15000/- രൂപയ്ക്ക് മേലുള്ള വാങ്ങൽ നടപടികൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഇത്തരം നടപടികൾ സ്വീകരിക്കാതെയാണ് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.15/06.03.19) ഹാജരാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും മൽസരാർത്ഥികളുടെ അന്തിമ പട്ടിക ലഭ്യമാകുന്നതുവരെ വാങ്ങൽ പ്രക്രിയ നീട്ടിവെച്ചതിനാലാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ പോയതെന്നും കൂടാതെ കേരളോൽസവ മാന്വൽ പ്രകാരം വാങ്ങുന്ന സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താറില്ലെന്നും സ്പോർട്സ് സാമഗ്രികൾ വിതരണം ചെയ്യാറില്ലെന്നും മൽസരശേഷം പലപ്പോഴും ഇവ ഉപയോഗശൂന്യമാകുകയാണുണ്ടാകുന്നതെന്നും

അറിയിച്ചിട്ടുണ്ട്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മൽസരശേഷം ഉപയോഗശൂന്യമാകുന്ന സാധനങ്ങളാണെന്ന് മറുപടിയിൽ പറയുന്നു. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിൽ ഇവ കുറഞ്ഞവിലയ്ക്ക് വാങ്ങാമായിരുന്നു. പ്രൊക്യൂർമെന്റ് മാന്വലിലെ നിബന്ധനകൾ പാലിക്കാതെ നടത്തിയ വാങ്ങൽ നടപടികൾ അംഗീകരിക്കാവുന്നതല്ല. അതിനാൽ ഇതിനായി ചെലവഴിച്ച തുക 34900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-18 ലോഗ് ബുക്ക് ക്രമപ്രകാരം സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL04AK7700, KL04 AC 9090 എന്നീ നമ്പരുകളിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ സർക്കുലർ നം.41/2008/ധനം, 02/08/2008 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഇല്ല.
2. KL04AK 7700 ന്റെ ലോഗ് ബുക്കിൽ ഇന്ധന ഉപയോഗത്തിന്റെ സംക്ഷിപ്തം തൻമാസ അവസാന ദിവസം രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം യാത്ര ചെയ്ത ദൂരത്തിനനുസരിച്ചാണോ ഇന്ധന ഉപഭോഗം എന്നത് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

ലോഗ് ബുക്ക് സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം എഴുതി സൂക്ഷിക്കാത്തതിനു വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (22/7.3.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

# 3-19 വാഹനത്തിന്റെ അനുബന്ധ സാമഗ്രികൾ വാങ്ങിയതിന് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള KL04 AK-7700-ാം നമ്പർ കാർ ഫർണിഷ് ചെയ്യുന്നതിലേക്കായി 51,920/- രൂപ പിൻവലിച്ചിട്ടുണ്ട്. ഓഫീസിന്റെ അനുബന്ധ ചെലവുകൾക്കായി തനതുഫണ്ടിൽ നിന്നും പിൻവലിച്ച 87,332/-രൂപയിൽ ഉൾപ്പെടുത്തിയാണ് ഈ ചെലവും നടത്തിയിട്ടുള്ളത് (ചെക്ക് നം. 1746440/19.04.17). എന്നാൽ ഈ വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1. വാഹനത്തിന്റെ ഫർണിഷിങ്ങിനായി 50,000/-രൂപയ്ക്കുമേൽ ചെലവഴിച്ചിട്ടും ആയതിന് ബന്ധപ്പെട്ട അധികാര സ്ഥാനത്തുനിന്നും ചെലവനുവാദം ലഭിച്ചിട്ടില്ല. പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ ഡിവിഷനിൽ നിന്നും സ്ഥാപിക്കേണ്ട ഉപകരണങ്ങളുടെ വിലയും സ്ഥാപന ചിലവും സംബന്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, റിപ്പോർട്ട് വാങ്ങുകയോ ചെയ്യാതെ ചെലവു നടത്തിയ നടപടി ക്രമപ്രകാരമല്ല.
2. വാങ്ങലിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.
3. വാങ്ങിയതായി പറയുന്ന സാധനങ്ങളൊന്നും സ്റ്റോക്കിലെടുത്തിട്ടില്ല.
4. വാങ്ങിയ ഉപകരണങ്ങളുടെ വിലയിനത്തിലും ആയതിന്റെ സ്ഥാപന ചെലവിനത്തിലുമുള്ള തുക ബന്ധപ്പെട്ട സ്ഥാപനത്തിനു നൽകാതെ പ്രസിഡന്റിന്റെ പേരിലുള്ള അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. (അക്കൗണ്ട് നം. 1567010001486).

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/07.03.18), ഔദ്യോഗിക വാഹനത്തിന് ഹ്യുണ്ടായ് കമ്പനിയിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് വാങ്ങൽ നടത്തുകയായിരുന്നുവെന്നും ബില്ലുകളിൽ പ്രസിഡന്റ് പെയ്ഡ് ബൈ മി എന്ന് എഴുതി ഒപ്പിട്ടു നൽകിയതുമൂലമാണ് സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകാതിരുന്നതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വാങ്ങിയ സാധനങ്ങൾ നേരിട്ടു ഘടിപ്പിച്ചതിനാലാണ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താതിരുന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് എടുക്കാതെയും ചെലവനുവാദം വാങ്ങാതെയും വാഹന ഫർണിഷിങ്ങിനായി ഇത്രയും തുക ചെലവഴിച്ചതും, ചെലവുതുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകാതിരുന്നതും ക്രമപ്രകാരമല്ല. ആകയാൽ ഈയിനത്തിലെ ചെലവായ 51,920/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ്

# തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം -S0035/18

വികസന ഫണ്ട്

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെടുത്തി 1629000/- രൂപ ബിൽ നം. 01/17-18 തീയതി 27.7.17 പ്രകാരം പിൻവലിച്ച് പുന്നപ്ര തെക്ക്, പുന്നപ്ര വടക്ക്, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, പുറക്കാട് എന്നീ ഗ്രമപഞ്ചായത്തുകൾക്കായി 325800/-രൂപ വീതം നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് തുക ലഭിച്ചതിന്റെ വിവരവും വിഹിതം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (3/1.3.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1629000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക കണക്ക്

അമ്പലപ്പുഴ ബ്ളോക്ക് പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സംയുക്ത പ്രൊജക്ടുകൾക്കുള്ള ട്രഷറി സേവിംഗ്സ് അക്കൌണ്ടിൽ (അക്കൌണ്ട് നം. 799011400000988) ൽ 1.4.17 ൽ 2757144/- മുന്നിരിപ്പുണ്ടെങ്കിലും ഈ അക്കൌണ്ട് RP 40 (a) യിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. RP 40 (b) യിലെ ട്രഷറി ടി എസ് ബി (14)അക്കൌണ്ടിലെ നീക്കിയിരുപ്പ് തുക 478,247/- രൂപയാണ്, എന്നാൽ പാസ് ബുക്ക് പ്രകാരം 481092/- രൂപയാണ്. എന്നാൽ ഈ അക്കൌണ്ടിന്റെ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. ഈ അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.
3. IOB ഐ എ വൈ പുന്നപ്ര 2015 ലെ നിക്കിയിരുപ്പ് തുക എ.എഫ്.എസ് പ്രകാരം 18722292/- രൂപയാണ്. എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം 18955292/- രൂപയും ക്യാഷ്ബുക്ക് പ്രകാരം 18715292.43/- രൂപയുമാണ്.
4. റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ RP 43 പ്രകാരം വാടക ഇനത്തിൽ 40280/- രൂപ വരവുണ്ട്, എന്നാൽ വാടക രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം തൻവർഷം 40708/- രൂപ വരവുണ്ട്.
5. RP 31 ലെ വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സുക്ഷിച്ചിട്ടില്ല. തൻമൂലം രജിസ്റ്ററിൽ തൻവർഷത്തെ വരവ്, തിരികെ നൽകിയ തുക, നീക്കിയിരുപ്പ് തുക എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തി സുക്ഷിച്ചിട്ടില്ല.
7. income and expenditure i6 ലെ ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ വന്നിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ, ലെഡ്ജർ ലഭ്യമാക്കിയില്ല.
8. pmay ഭവനനിർമ്മാണം അധികധനസഹായം പദ്ധതിയോടനുബന്ധിച്ച് പിൻവലിച്ച 5 ലക്ഷം രൂപ ട്രഷറി സേവിംഗ്സ് ബാങ്ക് (അക്കൌണ്ട് നം 799011400000988) നിക്ഷേപിച്ചതിൽ ചെലവായ തുക 2,75,000/- മാത്രമാണ്, എന്നാൽ 5 ലക്ഷം രൂപയും ചെലവായിട്ടാണ് കാണിച്ചിട്ടുള്ളത്.
9. ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷിറ്റ് ഷെഡ്യൂൾ B11 പ്രകരമുള്ള നിക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല.
10. ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിലെ അഡ്വാൻസ് റ്റു അതേഴ്സ് എന്ന ഇനത്തിലെ തുകയുടെയും ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്ന ഇനത്തിലെയും തുകയുടെ വിശദാംശം പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
11. IOB ഐഎവൈ പുന്നപ്ര ബാങ്ക് അക്കൌണ്ടിലെ എഎഫ്എസ് പ്രകാരമുള്ള മുന്നിരുപ്പും ബാങ്ക്പാസ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

12. IOB IAY പുന്നപ്രയുടെ എ.എഫ്.എസ്. പ്രകാരമുള്ള മുന്നിരിപ്പ് 1,27,68,484/-രൂപയും പാസ്ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് 21871225.57/-രൂപയുമാണ്.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവനപദ്ധതി | ജി.ഒ (നം.) 268/10 തസ്വഭവ,തീയതി:23-01-10 | 4601014 | 1383064 | 1145943 | 00 | 237121 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70300476 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68885374 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 129707 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4905318 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 75,050/- | ജോസ് എച്ച് ജോൺസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 4725/- | ജോസ് എച്ച് ജോൺസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 12000/- | ജോസ് എച്ച് ജോൺസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 12,949/- | സീന ജെറോം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-5 | | 16993/- | ഷീജ എം എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| 3-6 | | 2990/- | ജോസ് എച്ച് ജോൺസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 5000/- +18% പലിശ | വി.ജെ ജോസഫ്, സെക്രട്ടറി |
| ആകെ | | 129707/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 719993/- | ജോസ് എച്ച് ജോൺസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 403440/- | ജോസ് എച്ച് ജോൺസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 1264067/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 3-11 | 403295/- | ഷേർലി ജോസ്, എ ഡി എ |
| 3-12 | 399173/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 3-16 | 51450/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 3-17 | 34900/- | വി.ജെ ജോസഫ്, സെക്രട്ടറി |
| 3-20 | 1629000/- | ഡോ.വിശ്വകല, എ.എം.ഒ. |
| ആകെ | 4905318/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-1 | 7614 /- |
| 3-7 | 11883 /- |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

--ഇല്ല--

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോസ് എച്ച് ജോൺസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | J-52 ജ്യോതിനഗർ, കേശവദാസപുരം, തിരുവനന്തപുരം |
| ഷീജ.എം.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | (വിരമിച്ചു) | റൈബോ മൈത്രിനഗർ, 6th നഗർ, കരകുളം.പി.ഒ, തിരുവനന്തപുരം |
| സീന ജെറോം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്, കോരുവരി.പി.ഒ. | നികേതൻ, മൈത്രിനഗർ, 51A, പട്ടത്താനം.പി.ഒ. കൊല്ലം |
| വി.ജെ.ജോസഫ്, സെക്രട്ടറി | ബി.ഡി.ഒ, അമ്പലപ്പുഴ | വെളിയിൽ, പുന്നപ്ര.പി. ഒ. |
| ഷേർലി ജോസ് | എ ഡി എ അമ്പലപ്പുഴ ബ്ലോക്ക് | ഷേർളി, സി-14, NTPC ക്വാർട്ടേഴ്സ്, നങ്ങ്യാർകുളങ്ങര.പി.ഒ. ഹരിപ്പാട്-590615 |

**4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.എ7/18/00/05.06.00/01.07.2000 |
| 1997-98 | എൽ.എഫ്.എ7/688/00/15.02.01/16.02.01 |
| 1998-99 | എൽ.എഫ്.എ7/688/00/15.02.01/16.02.01 |
| 1999-00 | എൽ.എഫ്. 5/ബി.പി.അദാലത്ത്/26/65/14/21.03.14 |
| 2000-01 | എൽ.എഫ്.എ7/130/06/15.06.06/13.09.06 |
| 2001-02 | എൽ.എഫ്.എ7/131/06/06.06.06/18/07.06 |
| 2002-03 | എൽ.എഫ്.എ7/229/07/09.05.07/04.06.07 |
| 2003-04 | എൽ.എഫ്.എ7/228/07/16.05.07/04.06.07 |
| 2004-05 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(66)/14/22.03.14 |
| 2005-06 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(67)/14/22.03.14 |
| 2006-07 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(68)/14/22.03.14 |
| 2007-08 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത്/26(69)/14/22.03.14 |
| 2008-09 | എൽ.എഫ്.എ.ബി.പി.1291/10/31.03.11/30.04.11 |
| 2009-10 | എൽ.എഫ്.എ.ബി.പി.1292/10/31.03.11/30.04.11 |
| 2010-11 | എൽ.എഫ്.എ.ബി.പി.962/13/04.01.14 |
| 2011-12 | എൽ.എഫ്.എ.ബി.പി.962/13/04.01.14 |

| | |
|---|---|
| 2012-13 & 2013-14 | എൽ.എഫ്.എ.ബി.പി.1478/14/05.12.114 |
| 2014-15 & 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി- 272/17/15.03.17/28.03.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി- 1446/17/11.12.17/14.12.17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-235/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 25.05.2019

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1994 – ലെ കേരള നഗരപാലിക നിയമം 295 (4) ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ